സർക്കാരും പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളുമായി നടന്ന ചർച്ച

1576. [344] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് ജീവനക്കാരുടെ പ്രശ്നങ്ങളെ കുറിച്ച് സർക്കാരും പഞ്ചായത്ത് ജീവനക്കാരുടെ പ്രതിനിധികളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത ചർച്ചയെ തുടർന്ന് അംഗീകരിക്കപ്പെട്ട പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) അംഗീകരിക്കപ്പെട്ട കാര്യങ്ങൾ ഒന്നും തന്നെ ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന വിവരം വൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 13-9-1983. 23-3-1985, 22-11-1985 എന്നീ തീയതികളിൽ പഞ്ചായത്തു ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങളെടുത്തു

1. പഞ്ചായത്തു ജീവനക്കാരെ സർക്കാർ ജീവനക്കാരെ അംഗീകരിക്കുവാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മിറ്റി രൂപീകരിക്കുക.

2. 2-ാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് നിയമത്തിനുള്ള അനുപാതം 5: 1: 4 എന്നുള്ളത് (5 പഞ്ചായത്തു കോമൺ സർവീസ് ജീവനക്കാർക്കും, 1 പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിലെ ലോവർ ഡിവിഷൻ ക്ലാർക്കിനും 4 പൊതുവിപണിയിൽ നിന്നും) 9: 1 എന്നാക്കുവാൻ തീരുമാനിച്ചു. അതായത് 9 എണ്ണം പഞ്ചായത്ത് ജീവനക്കാർക്കും 1 എണ്ണം പഞ്ചായത്തു വകുപ്പിലെ ജീവനക്കാർക്കും 1-ാം ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസർ തസ്തികയിലേക്ക് 1 : 1: 1 എന്ന അനുപാതത്തിൽ (അതായത് പഞ്ചായത്ത് കോമൺ സർവീസിലെ മാനേജർമാർക്ക് ഒന്നും രണ്ടും ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് ഒന്നും പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലെ യുഡി. ക്ലാർക്കിന് ഒന്നും) നിയമനം നൽകാനും തീരുമാനിച്ചു.

3. പഞ്ചായത്തുകളിലെ ഫുൾടൈം പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർക്ക് യഥാക്രമം 35, 25 രൂപ വീതം ഇടക്കാലാശ്വാസം അനുവദിക്കുക.

4. പഞ്ചായത്തുകളിലെ കണ്ടിജൻറ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും പരിഷ്ക്കരിക്കുന്നതിന് ഒരു വേജ് കമ്മിറ്റി രൂപീകരിക്കുക.

5. പഞ്ചായത്തുകളിൽ പുതിയ തസ്തികകളും അനുവദിക്കുമ്പോൾ സ്ഥാപന ചിലവ് 40 % ത്തിൽ കൂടുതൽ പാടില്ല എന്നുള്ളത് 50 % ആക്കി മാറ്റുക.

6. പഞ്ചായത്തുകളിലെ ലൈബ്രേറിയൻമാർക്ക് മുനിസിപ്പാലിറ്റിയിലേതുപോലെ ഗ്രേഡ് നൽകുന്ന കാര്യം പരിശോധിക്കുക.

7. ബിൽ കലക്ടർ, പഞ്ചായത്ത് അസിസ്റ്റൻറ് ഗ്രേഡ് II തസ്തികകൾ പരസ്പരം മാറ്റാനുള്ള നിയമം ഉണ്ടാക്കുക.

8. പഞ്ചായത്ത് ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകളും വർദ്ധിപ്പിക്കുന്നത് പരിശോധിക്കുവാനായി ഒരു കമ്മിറ്റി രൂപീകരിക്കുക.

(സി) അംഗീകരിക്കപ്പെട്ടിട്ടുള്ള അവകാശങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly